## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

### എസ്.എച്ച്.ഒ നിയമനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1924 — 1/02/2018-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി.

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ. മാരായി സി.ഐ റാങ്കിലുള്ള ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (എ) & (ബി) | സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ ഘട്ടം ഘട്ടമായി പോലീസ് സർക്കിൾ ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 21/10/2017-ലെ സ.ഉ. (എം.എസ്) 211/2017/ ആഭ്യന്തരം പ്രകാരം, ഒന്നാം ഘട്ടത്തിൽ സംസ്ഥാനത്ത് 196 ലോക്കൽ പോലീസ് സ്റ്റേഷനുകളിൽ ഇൻസ്പെക്ടർ റാങ്കിലുള്ള മുതിർന്ന പോലീസ് ഉദ്യോഗസ്ഥരെ എസ്.എച്ച്.ഒ.മാരായി ഇതിനോടകം നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഉടനടി എസ്.എച്ച്.ഒ.മാരായി സർക്കിൾ ഇൻസ്പെക്ടർമാരെ നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടില്ല. ഇക്കാര്യത്തിൽ ഓരോ സ്റ്റേഷന്റെയും ആവശ്യകത വിലയിരുത്തി ഘട്ടംഘട്ടമായി ആവശ്യാനുസരണം പുനർനിർണ്ണയിക്കുന്നതാണ്. |
| (ബി) | എല്ലാ പോലീസ് സ്റ്റേഷനുകളിലും സി.ഐ റാങ്കിലുള്ളവരെ എസ്.എച്ച്.ഒ മാരായി നിയമിക്കുന്നതിനാവശ്യമായ ഉദ്യോഗസ്ഥർ ലഭ്യമാണോ ; ഇല്ലെങ്കിൽ ഈ അപര്യാപ്തത എങ്ങനെയാണ് പരിഹരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ